jaagrathayude
**Keraleeyam**
2013 January
**Rs. 25/-**

മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് വിശദമായി പഠിക്കുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനുമായി കേന്ദ്രസർക്കാർ നിയോഗിച്ച ഡോ. കസ്തൂരിരംഗൻ അധ്യക്ഷനായ ഉന്നതതലസംഘം കേരളം സന്ദർശിച്ചു. കേരളത്തെ ദോഷകരമായി ബാധിക്കുന്ന ഗാഡ്ഗിൽ റിപ്പോർട്ടിലെ ശുപാർശകൾ ഒഴിവാക്കണമെന്നാണ് സംസ്ഥാന സർക്കാർ ഈ ഉന്നതതല സംഘത്തോട് ആവശ്യപ്പെട്ടത്.

**ഡോ. എ. ലത, സമീർ മേത്ത** എന്നിവർ കസ്തൂരിരംഗൻ കമ്മിറ്റിക്ക് നൽകിയ ശുപാർശകൾ.

# സമ്മർദ്ദങ്ങൾക്ക് വഴങ്ങരുത്

**പശ്ചിമഘട്ട** വിദഗ്ദ്ധ പാനൽ റിപ്പോർട്ടിനെക്കുറിച്ചുള്ള അന്തിമ തീരമാനത്തിലെത്തും മുമ്പ് താങ്കൾ നേതൃത്വം നൽകുന്ന കമ്മിറ്റി പരിഗണിക്കേണ്ട ചില പ്രധാനകാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ. കേരള സർക്കാരും ചില ക്രിസ്ത്യൻ വിശ്വാസികളും സഭകളും ഉയർത്തിക്കൊണ്ടുവന്ന അബദ്ധ ധാരണകളെ തിരുത്തുകകൂടിയാണ് ഈ കത്തിന്റെ ഉദ്ദേശം.

## 1. അബദ്ധധാരണകൾ

മാധവ്ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ കടുത്ത പ്രതിഷേധവുമായി സീറോ മലബാർ സഭ രംഗത്ത് വന്നിരുന്നു. പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ ജനങ്ങളെ നൂറ്റാണ്ടുകൾക്ക് പിന്നിലേക്ക് തള്ളിവിടാനുള്ള ഗൂഢ ഉദ്ദേശമാണ് ഗാഡ്ഗിൽ റിപ്പോർട്ടിന് പിന്നിലുള്ളതെന്നാണ് സഭയുടെ വാദം. കോട്ടയം, ഇടുക്കി ജില്ലയിലെ ലക്ഷക്കണിക്കിന് ഹൈറേഞ്ച് കർഷകർ ഈ വാദത്തിനൊപ്പം നിൽക്കുന്നു. അവരുടെ റവന്യൂഭൂമി, വനഭൂമിയാക്കി മാറ്റാനുള്ള രഹസ്യ അജണ്ട ഇതിന് പിന്നിലുണ്ടെന്ന് അവർ കരുതുന്നു. പരിസ്ഥിതി ലോല പ്രദേശത്തെ (ESA) സംബന്ധിച്ച നിബന്ധനകൾ നിയമമാക്കുന്നതിനെക്കുറിച്ചുള്ള തെറ്റിദ്ധാരണയാണ് ഇവരെക്കൊണ്ട് ഇതെല്ലാം പറയിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പരിസ്ഥിതി ലോല പ്രദേശങ്ങളെക്കുറിച്ച് ഇവർ ശരിക്ക് മനസ്സിലാക്കിയിട്ടില്ല. റിപ്പോർട്ടിൽ തിരുത്തേണ്ട ഭാഗങ്ങളുണ്ടെന്നും സഭ ഉയർത്തിയ ചില കാര്യങ്ങൾ പ്രധാനമാണെന്നും ഞങ്ങൾക്കറിയാം. ആശങ്കയുള്ള ജനവിഭാഗങ്ങളുമായി ചർച്ച നടത്തിയിട്ട് മാത്രമെ സർക്കാർ ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് ഉന്നതാധികാര സമിതിക്കും പരിസ്ഥിതി മന്ത്രാലയത്തിനും മുറുപടി സമർപ്പിക്കാവൂ. എന്നാൽ കേരള സർക്കാർ ഏതോ മുൻ ധാരണയുടെ പുറത്താണ് റിപ്പോർട്ടിനോടുള്ള പ്രതികരണം അയച്ചിരിക്കുന്നത്. കേരളത്തിലെ മാത്രമല്ല, പശ്ചിമഘട്ട മേഖലയിലുള്ള മുഴുവൻ കർഷകർക്കും പരിസ്ഥിതി ലോല പ്രദേശങ്ങൾ പ്രഖ്യാപിക്കപ്പെടുന്നതുകൊണ്ടുള്ള നല്ല വശങ്ങൾ പറഞ്ഞുകൊടുക്കുകയാണ് വേണ്ടത്. ദഹാനുവും മഹാബലേശ്വറും പാഞ്ച്ഗനിയുമെല്ലാം അതിന് ഉദാഹരണങ്ങളാണ്.

## 2. ഗ്രിഡ് രീതിയെക്കുറിച്ച്

ഈ രീതിയോടുള്ള എതിർപ്പിന് ന്യായമുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ടിൽ ഗ്രിഡിനായി സ്വീകരിച്ച, ജൈവവൈവിധ്യം മാത്രം ആധാരമാക്കിയതും സൂചകങ്ങൾ മാത്രമുള്ളതുമായ മാനദണ്ഡങ്ങൾ പര്യാപ്തമല്ല. ഈ പോരായ്മ പരിഹരിക്കാൻ അതാത് സംസ്ഥാന സർക്കാറുകൾ ശാസ്ത്രജ്ഞന്മാരെയോ മറ്റ് വിദഗ്ധരെയോ സമീപിക്കണം.

## 3. സോണുകളെക്കുറിച്ച്

ഒരു താലൂക്കിന്റെ 50 ശതമാനം ഭാഗം പരിസ്ഥിതി ലോല മേഖലയ്ക്കുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ അത് ESZ 1 താലൂക്കായി പരിഗണിക്കപ്പെടും. ESZ 1 താലൂക്കിൽ തന്നെയുള്ള പശ്ചിമഘട്ടത്തിനോട് അതിർത്തി പങ്കിടാത്ത പ്രദേശത്തുള്ളവരാണ് ആശയക്കുഴപ്പത്തിലായിരിക്കുന്നത്. ഉദാഹരണത്തിന് തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുട എന്നെഴുതിയ മുകുന്ദപുരം താലൂക്ക് ESZ 1 ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഷോളയാർ, വാഴച്ചാൽ, അതിരപ്പിള്ളി വനപ്രദേശം ഈ താലൂക്കിലാണ് വരുന്നത്. എന്നാൽ ഈ താലൂക്കിലെ പല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും പശ്ചിമഘട്ടത്തിന് പുറത്താണ്. ഇത്തരം കാര്യങ്ങളിൽ കുറച്ചുകൂടി വ്യക്തത വരുത്തേണ്ടതുണ്ട്.

## 4. അണക്കെട്ട് ഡീകമ്മീഷൻ

പരിസ്ഥിതി മന്ത്രാലയം, കേന്ദ്രജലകമ്മീഷൻ, ജലവിഭവവകുപ്പ് എന്നിവർ കൂടിച്ചേർന്ന് ഇക്കാര്യത്തിൽ ഉചിതമായ നിയമങ്ങളും നിബന്ധനകളും നടപ്പിലാക്കണം. അണക്കെട്ടുകളുടെ സുരക്ഷ, പദ്ധതിയുടെ പ്രവർത്തനശേഷി കണ്ടെത്തൽ, റിസർവോയറുകളിൽ മലമട്ടും മണ്ണും അടിയുന്നതിനെക്കുറിച്ചുള്ള പഠനങ്ങൾ, ദീർഘകാല പാരിസ്ഥിതിക ആഘാതങ്ങൾ തുടങ്ങിയ നിരവധി കാര്യങ്ങൾ പരിഗണിക്കേണ്ടതായുണ്ട്. വറ്റിവരളുന്ന നമ്മുടെ പുഴകൾ ഇക്കാര്യത്തിൽ തീരുമാനം ഉടൻ വേണമെന്നതിന്റെ സൂചകങ്ങളാണ്. അണക്കെട്ടുകളുടെ പ്രവർത്തന ചെലവും ലാഭവും കണക്കിലെടുത്ത് 20–30 വർഷത്തേക്ക് അവയുടെ പാരിസ്ഥിതിക അനുമതിക്കുള്ള കാലാവധി നിജപ്പെടുത്തുക.

## 5. ദേശീയ ഹരിത ട്രിബ്യൂണൽ

ദേശീയ ഹരിത ട്രിബ്യൂണലിൽ സമർപ്പിച്ച പൊതുതാത്പര്യ ഹർജിയെത്തുടർന്ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഗാഡ്ഗിൽ റിപ്പോർട്ടിൽ (2012 ജൂലൈ 25വരെ) യാതൊരു മാറ്റവും വരുന്നില്ലെങ്കിൽ റിപ്പോർട്ട് പരിഗണിച്ചുകൊണ്ടുമാത്രമെ തീരുമാനങ്ങൾ എടുക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 2006 ലെ ഒരു സുപ്രീംകോടതി ഉത്തരവ് പ്രകാരം സംരക്ഷിത മേഖലകൾക്ക് ചുറ്റിലുമുള്ള പ്രദേശങ്ങളെ പരിസ്ഥിതി ലോല പ്രദേശങ്ങളാക്കി പ്രഖ്യാപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങളിൽ യാതൊരു പുരോഗതിയുമുണ്ടായിട്ടില്ല.

## 6. നടപ്പാക്കാവുന്ന പ്രവർത്തനങ്ങൾ

നിലവിലുള്ള നിയമപരിധിക്കുള്ളിൽ നിന്നുകൊണ്ട് റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ എങ്ങനെ നടപ്പിലാക്കാം എന്നതിനെക്കുറിച്ച് ഗാഡ്ഗിൽ റിപ്പോർട്ട് വിശദമായ ആസൂത്രണ പദ്ധതി തന്നെ നൽകിയിട്ടുണ്ട്. അതുകൊണ്ട് താങ്കൾ അധ്യക്ഷനായുള്ള ഉന്നതാധികാര സമിതി റിപ്പോർട്ടിൽ ഹ്രസ്വകാല നിർദ്ദേശങ്ങൾ നൽകുകയും തുടന്ന് നടപ്പിലാക്കാവുന്ന ദീർഘകാല നിർദ്ദേശങ്ങൾ അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്താവുന്ന രീതിയിൽ നിർദ്ദേശിക്കുകയും ചെയ്യണം.

ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവും സി.ഇ.സി (Central Empowered Committee) നിർദ്ദേശങ്ങളും ഗൗരവത്തോടെ പരിഗണിക്കണമെന്നും സംസ്ഥാനങ്ങളുടെ സമ്മർദ്ദത്തിൽ അകപ്പെട്ട് ഉടൻ തീരുമാനമെടുക്കരുതെന്നും അപേക്ഷിക്കുന്നു.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21. Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone: 9446576943, E-mail: mailkeraleeyam@gmail.com